**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2623** **13-12-2022 - ൽ മറുപടിയ്ക്ക്**

**സ്പേസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കിടപ്പിലായ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാലയാനുഭവം ഒരുക്കി കൊടുക്കുന്നതിനായി സമഗ്രശിക്ഷ കേരളയുടെ കീഴിൽ നടപ്പിലാക്കുന്ന സ്പേസ് പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിലേക്ക് കുട്ടികളെ എത്തിക്കുന്നതിനായി എം.എൽ.എ. - എസ്.ഡി.എഫ്.-ൽ നിന്നോ എൽ.എ.സി. എ.ഡി.എസ്-ൽ നിന്നോ വാഹനം ലഭ്യമാക്കുവാൻ സാധിക്കുമോ; | (എ) | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി)നം.161/2017/ധന ഉത്തരവിലെ അനുബന്ധം 1 (അനുവദനീയമായ പ്രവൃത്തികൾ) ക്രമ നമ്പർ 34 പ്രകാരം, സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ്/വാഹനം വാങ്ങി നൽകൽ അനുവദനീയമാണ്. വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന ചെലവുകൾ (ഡ്രൈവറുടെ ശമ്പളം ഉൾപ്പെടെ), പരിപാലനം എന്നിവ സ്കൂൾ പി.ടി.എ വഹിക്കേണ്ടതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 തീയതിയിലെ സ.ഉ(അച്ചടി) നം.119/2018/ധന അനുബന്ധം 1 ക്രമ നമ്പർ (vi)ൽ, സർക്കാർ വിദ്യാലയങ്ങളിൽ/കോളേജുകളിൽ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ബസ് വാങ്ങൽ ഉൾപ്പെടുത്തിയിട്ടുണ്ട്.സ്പേസ് പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിലേക്ക് കുട്ടികളെ എത്തിക്കുന്നതിനായി വാഹനം വാങ്ങുന്നതിന് എം.എൽ.എ. - എസ്.ഡി.എഫ്.-ൽ നിന്നോ എൽ.എ.സി. എ.ഡി.എസ്-ൽ നിന്നോ തുക വിനിയോഗിക്കുന്നത് നിലവിലെ മാർഗ്ഗരേഖകൾ പ്രകാരം അനുവദനീയമല്ല. |
| (ബി) | എങ്കിൽ ഈ പദ്ധതിയിലേക്ക് വാഹനവും അനുബന്ധ ചെലവുകളും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി)നം.161/2017/ധന ഉത്തരവിലെ അനുബന്ധം 1 (അനുവദനീയമായ പ്രവൃത്തികൾ) ക്രമ നമ്പർ 34 പ്രകാരം, സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ്/വാഹനം വാങ്ങി നൽകൽ അനുവദനീയമാണ്. വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന ചെലവുകൾ (ഡ്രൈവറുടെ ശമ്പളം ഉൾപ്പെടെ), പരിപാലനം |

| | | | |
|---|---|---|---|
| | | | എന്നിവ സ്കൂൾ പി.ടി.എ വഹിക്കേണ്ടതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 തീയതിയിലെ സ.ഉ(അച്ചടി) നം.119/2018/ധന അനുബന്ധം 1 ക്രമ നമ്പർ (vi)ൽ, സർക്കാർ വിദ്യാലയങ്ങളിൽ/കോളേജുകളിൽ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ബസ് വാങ്ങൽ ഉൾപ്പെടുത്തിയിട്ടുണ്ട്.സ്പേസ് പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിലേക്ക് കുട്ടികളെ എത്തിക്കുന്നതിനായി വാഹനം വാങ്ങുന്നതിന് എം.എൽ.എ. - എസ്.ഡി.എഫ്.-ൽ നിന്നോ എൽ.എ.സി. എ.ഡി.എസ്-ൽ നിന്നോ തുക വിനിയോഗിക്കുന്നത് നിലവിലെ മാർഗ്ഗരേഖകൾ പ്രകാരം അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ